**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3316** **04-08-2021 - ൽ മറുപടിയ്ക്ക്**

**മേൽവിലാസം തെളിയിക്കാൻ ആവശ്യമായ രേഖകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പുതിയ റേഷൻകാർഡിനോ കുടുംബ കാർഡിൽ നിന്നും പ്രത്യേക കാർഡിനോ മറ്റുമായുള്ള അപേക്ഷയോടൊപ്പം മേൽവിലാസം തെളിയിക്കാൻ എന്തെല്ലാം രേഖകൾ സമർപ്പിക്കാമെന്ന് അറിയിക്കാമോ; | (എ) | റേഷൻകാർഡിനുള്ള അപേക്ഷയോടൊപ്പം പഞ്ചായത്ത് ഓഫീസുകളിൽ നിന്നും ഹാജരാക്കിക്കൊണ്ടിരുന്ന താമസം തെളിയിക്കുന്നതിനുള്ള റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന് പകരം താഴെപ്പറയുന്നവയിലേതെങ്കിലും രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കാവുന്നതാണ്. നടപ്പ സാമ്പത്തിക വർഷം അടച്ച പ്രോപ്പർട്ടി ടാക്സ് രസീത് ഇലക്ട്രിസിറ്റി ബില്ല് വാട്ടർ ബില്ല് ലാൻഡ് ഫോൺ ബിൽ എൽ.പി.ജി വൗച്ചർ/ബില്ല് ഗസറ്റഡ് ഓഫീസർ ആണെങ്കിൽ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന നോൺ ഗസറ്റഡ് ഓഫീസർ ആണെങ്കിൽ ബന്ധപ്പെട്ട ഡി.ഡി.ഒയുടെ സാക്ഷ്യപത്രം പൊതുമേഖലാ സ്ഥാപന ഉദ്യോഗസ്ഥനാണെങ്കിൽ ബന്ധപ്പെട്ട ഓഫീസ് മേധാവിയുടെ സാക്ഷ്യപത്രം ദേശസാത്കൃത ബാങ്കിന്റെ ഫോട്ടോ പതിച്ച പാസ്സ്ബുക്ക് ആധാർ കാർഡ് ഇലക്ടറൽ ഐ.ഡി സാധുവായ വാടക കരാർ മേൽപ്പറഞ്ഞ രേഖകൾ പ്രകാരമുള്ള വിലാസവും അപേക്ഷയിൽ പറയുന്ന വിലാസവും ഒന്നായിരിക്കേണ്ടതും ആയത് അപേക്ഷകന്റെയോ കാർഡിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്ന മറ്റ് മുതിർന്ന അംഗങ്ങളുടെ പേരിലുള്ളതോ ആയിരിക്കേണ്ടതുമാണ്. കൂടാതെ പ്രസ്തുത രേഖകൾ അപേക്ഷ സമർപ്പിക്കുന്ന തീയതിക്ക് 3 മാസത്തിനകം ലഭിച്ചവയും ആകേണ്ടതാണ്. വീട് നിർമ്മാണം പൂർത്തിയാകാതെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും കെട്ടിട നമ്പർ കിട്ടാത്തവർക്ക് റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള അപേക്ഷകൾ താലൂക്ക് സപ്ലൈ ഓഫീസർ പരിശോധിച്ച് അർഹമെന്ന് ബോധ്യപ്പെടുന്ന പക്ഷം കാർഡ് അനുവദിക്കുന്നതാണ്. പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പുതിയ റേഷൻകാർഡിനായി |

| | | | |
|---|---|---|---|
| | | | വീട്ടുനമ്പർ രേഖപ്പെടുത്തേണ്ട കോളത്തിൽ '00' എന്ന് രേഖപ്പെടുത്തി കാർഡ് അനുവദിക്കുന്നതാണ്. ഒരിടത്തും റേഷൻകാർഡിൽ പേരില്ലാത്തവർ ജനപ്രതിനിധികളുടെ ശുപാർശ കത്തിനു പകരം ആധാർകാർഡിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ മതിയാകും. |
| (ബി) | വീട് നിർമ്മാണം പൂർത്തിയാകാതെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും കെട്ടിട നമ്പർ കിട്ടാത്തവർ, കാലങ്ങളായി പുറമ്പോക്കിൽ താമസിക്കുന്നവർ എന്നീ വിഭാഗക്കാർക്ക് സമർപ്പിക്കാവുന്ന വിലാസം തെളിയിക്കുന്ന രേഖകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |
| (സി) | പ്രസ്തുത സന്ദർഭങ്ങളിൽ സ്ഥലം എം.എൽ.എ. യുടെ സാക്ഷ്യപത്രം വിലാസം തെളിയിക്കുന്ന രേഖയായി ഉപയോഗിക്കാമോ; അതിനാവശ്യമായ ഉത്തരവ് നൽകുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ